ഫണ്ടിന്റെ അപര്യാപ്തതയാണ് പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള തടസ്സം. അതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായത്തിനായി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സഹായം ലഭിക്കുന്ന മുറയ്ക്ക് ബയോമെട്രിക് അധിഷ്ഠിത ഇ.പി.ഡി.എസ്. സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയും.

വലിയപറമ്പ ദ്വീപ് പഞ്ചായത്തിൽ മാവേലി സ്റ്റോർ

83 (1652) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പദ്വീപ് പഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് വേണ്ടിയുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല: പഞ്ചായത്ത് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാപഠനം നടത്തി സാമൂഹികമായും വാണിജ്യപരമായും അനുയോജ്യമാണെന്നുകണ്ടാൽ പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പാചക വാതക സിലിണ്ടറുകൾ നൽകുന്നതിനുള്ള കാലതാമസം

84 (1655) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാചകവാതക സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാചകവാതക സിലിണ്ടറുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്ര തൂക്കം സിലിണ്ടറുകളിൽ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിശോധിക്കുന്നതിനായി ഇടയ്ക്കിടെ വിതരണത്തിനായി സൂക്ഷിച്ചിട്ടുള്ള പാചക വാതക സിലിണ്ടറുകൾ പരിശോധിക്കുന്നതിനായി പ്രത്യേകം സ്ക്വാഡുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കാലതാമസം ഒഴിവാക്കി നിശ്ചിത സമയത്തിനുള്ളിൽ തന്നെ സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഓയിൽ കമ്പനികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാചക വാതക സിലിണ്ടറുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്രതൂക്കം സിലിണ്ടറുകളിൽ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും പാചക വാതക വിതരണ രംഗത്തെ പരാതികൾ പരിശോധിക്കുന്നതിനും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എല്ലാ ജില്ലാ സപ്ലൈ ആഫീസർമാർക്കും താലൂക്ക് സപ്ലൈ ആഫീസർമാർക്കും ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർക്കും, സിറ്റി റേഷനിംഗ് കൺട്രോളർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പും ലീഗൽ മെട്രോളജി വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട സ്പെഷ്യൽ സ്കാഡുകൾ എൽ.പി.ജി. സിലിണ്ടറിന്റെ തൂക്കം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചുവരുന്നു. കുറ്റവാളികൾക്കെതിരെ 1955-ലെ ഇ.സി. ആക്ട് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

എല്ലാ താലൂക്കുകളിലും ഒരേ അളവിൽ റേഷൻ കാർഡിന് മണ്ണെണ്ണ നൽകുന്നതിനുള്ള നടപടി

85 (1657) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതീകരിച്ച വീടുകളിലെ ഓരോ റേഷൻ കാർഡിനും എത്ര ലിറ്റർ മണ്ണെണ്ണ വീതമാണ് ഓരോ മാസവും നൽകി വരുന്നത് ; സംസ്ഥാനത്തെ പല താലൂക്കുകളിലും ചില മാസങ്ങളിൽ കാർഡൊന്നിന് ഒന്നര ലിറ്റർ മണ്ണെണ്ണ വീതമാണ് വിതരണം നടത്തിയിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എല്ലാ താലൂക്കുകളിലും ഒരേ രീതിയിൽ മണ്ണെണ്ണ വിതരണം നടത്തുന്നതു സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) വൈദ്യുതീകരിച്ച വീടുകളിലെ ഒരോ റേഷൻ കാർഡിനും 2 ലിറ്റർ വീതം മണ്ണെണ്ണയാണ് നൽകിവരുന്നത്. എന്നാൽ കേന്ദ്രസർക്കാർ മണ്ണെണ്ണയുടെ അലോട്ട്മെന്റ് വെട്ടിക്കുറച്ചതിനെ തുടർന്ന് ഇപ്പോൾ ലഭ്യമായ അലോട്ട്മെന്റിൽ നിന്നും നിശ്ചിത നിരക്ക് അനുസരിച്ച് വിതരണം ചെയ്യാൻ കഴിയുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കുന്ന മണ്ണെണ്ണ, ആവശ്യകതയുടെ അനുപാതം അനുസരിച്ച് താലൂക്കുകൾക്ക് തുല്യമായാണ് വീതിച്ച് നൽകുന്നത്.

1070/2013

LIBRARY ARCHIVES Kerala Legislative Assembly